ശബരിമലയിലേക്കുള്ള മണ്ണാരക്കുളഞ്ഞി–ചാലക്കയം പാത

137 [2339] ശ്രീ. രാജു എബ്രഹാം: "താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേയ്ക്കുള്ള മണ്ണാരക്കുളഞ്ഞി–ചാലക്കയം പാത നവീകരിക്കുന്നതിനായി മലേഷ്യൻ സർക്കാർ സഹായ വാഗ്ദാനം നൽകിയിരുന്നോ;

(ബി) എന്തു തുകയാണ് മലേഷ്യൻ സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത്; ഇതിന്റെ നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എന്തു തുകയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ പ്രവൃത്തി ഇനിയും ടെണ്ടർ ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) നടപടി പൂർത്തിയാക്കി ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ കഴിയും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി—ഇ) മലേഷ്യൻ സർക്കാരിന്റെ അത്യാധുനിക സാങ്കേതിക പരിജ്ഞാനമുള്ള കമ്പനി മുഖാന്തിരം കരാറടിസ്ഥാനത്തിൽ പ്രസ്തുത പണി ഏറ്റെടുക്കുന്നതിനും ഇതിനാവശ്യമായി കേരള പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറന്മാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വ്യവസ്ഥയുള്ള 125 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. പലിശ നിരക്കിൽ ഒരു യോജിപ്പിലെത്താൻ സാധിക്കാത്തതിനാൽ തുടർ നടപടികൾ എടുത്തിട്ടില്ല. റോഡ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചു വരികയാണ്.

വെഞ്ഞാറമൂട്–വെട്ടുറോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം

138 [2342] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. പുനരുദ്ധാരണ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ള വെഞ്ഞാറമൂട്–വെട്ടുറോഡ് റോഡിനായി സ്ഥലം ഏറ്റെടുത്തു കഴിഞ്ഞുവോ;

(ബി) പോത്തൻകോട് വെട്ടുറോഡ് വരെയുള്ള എത്ര ഏക്കർ സ്ഥലം കെ. എസ്. ടി. പി. ഏറ്റെടുത്തിട്ടുണ്ട്; ഈ സ്ഥലത്തിനായി എത്ര തുക ചെലവഴിച്ചു;

(സി) ഇനി എത്ര പേർക്ക് തുക നൽകാനുണ്ട്; വസ്തുവിന്റെ വില സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ പണി എന്നത്തേക്ക് തുടങ്ങാനാകുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly